
മുദ്രകൾ

## ഷൂസെ സരമാഗോ

# പീഡിതർക്കൊപ്പം നിലയുറപ്പിച്ച എഴുത്തുകാരൻ

**ഈയിടെ** അന്തരിച്ച ഷൂസെ സരമാഗോ (87) മഹാനായ ഒരെഴുത്തുകാരൻ മാത്രമായിരുന്നില്ല, മർദിത പക്ഷങ്ങളോടൊപ്പം ഉറച്ചുനിന്ന് പൊരുതിയ പോരാളി കൂടിയായിരുന്നു. നോവലിസ്റ്റും നാടകകൃത്തുമായ ഈ പോർച്ചുഗീസ് എഴുത്തുകാരനായിരുന്നു 1998-ലെ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം. ഒരു ഭൂരഹിത കർഷകന്റെ മകനായി 1922-ൽ ജനിച്ച സരമാഗോ എഴുത്തു തുടങ്ങുന്നത് അമ്പത് വയസ്സ് പിന്നിട്ടതിനു ശേഷമാണ്. പോർച്ചുഗീസ് കമ്യൂണിസ്റ്റ് പാർട്ടിയിൽ മരണം വരെ അംഗത്വമുണ്ടായിരുന്നെങ്കിലും, പ്രലോഭനങ്ങൾക്ക് വഴങ്ങാതെ സ്വന്തമായ വഴിയിലൂടെയായിരുന്നു അദ്ദേഹത്തിന്റെ പ്രയാണം.



ഷൂസെ സരമാഗോ

*ദ ഗോസ്പൽ എക്കോഡിംഗ് ടു ജീസസ് ക്രൈസ്റ്റ്* എന്ന നോവൽ കാത്തലിക്ക് മതവൃത്തങ്ങളിൽ അദ്ദേഹത്തിന് എമ്പാടും ശത്രുക്കളെ നേടിക്കൊടുത്തു. ഇത് മതവികാരം വ്രണപ്പെടുത്തുന്നുണ്ടെന്നായിരുന്നു പരാതി. ഇതേത്തുടർന്ന് അദ്ദേഹത്തിന് പോർച്ചുഗൽ വിട്ട് സ്പെയിനിലെ കാനറി ദ്വീപുകളിലൊന്നിലേക്ക് താമസം മാറ്റേണ്ടിവന്നു.

സയണിസ്റ്റുകളുടെ കരിമ്പട്ടികയിലും സരമാഗോ വൈകാതെ ഇടം പിടിച്ചു. ഇസ്രയേലിനെ അതിരൂക്ഷമായി വിമർശിച്ചു എന്നതു തന്നെ കാരണം. 2002-ൽ പ്രശസ്ത ഫലസ്ത്വീനിയൻ കവി മഹ്മൂദ് ദർവേശിന്റെ ക്ഷണം സ്വീകരിച്ച് സരമാഗോ ഫലസ്ത്വീനിയൻ നഗരമായ റാമല്ല സന്ദർശിച്ചിരുന്നു. ഇസ്രയേലിന്റെ ഉപരോധമുള്ളതിനാൽ ജനജീവിതം ദുസ്സഹമായ സന്ദർഭം. നാസി കോൺസൻട്രേഷൻ ക്യാമ്പുകളായ ഓഷ്വിറ്റ്സിനോടും ബുച്ചൻവാൾഡിനോടുമാണ് റാമല്ലയെ അദ്ദേഹം താരതമ്യപ്പെടുത്തിയത്. ലോകമെമ്പാടുമുള്ള സയണിസ്റ്റ് ലോബി സെമിറ്റിക് വിരുദ്ധനെന്ന് മുദ്രകുത്തി ഈ എഴുത്തുകാരനെ നിരന്തരം വേട്ടയാടി. "രണ്ടാം ലോകയുദ്ധത്തിലുണ്ടായ ദുരിതങ്ങളുടെ പേരിൽ ജൂതന്മാർ ഇനിയും സഹതാപം അർഹിക്കുന്നില്ല" എന്ന് അദ്ദേഹം തിരിച്ചടിച്ചു.

2006-ലെ ലബനാൻ യുദ്ധകാലത്ത് താരിഖ് അലി, ജോൺ ബർഗർ, നോം ചോംസ്കി, എഡ്വാർഡോ ഗലാനോ, നയോമി ക്ലെയ്ൻ, ഹരോൾഡ് പിന്റർ, അരുന്ധതി റോയ്, ഹൊവാർഡ്

സിൻ എന്നിവരുമായി ചേർന്ന് സരമാഗോ ഒരു അന്വേഷണരേഖ പുറത്തിറക്കുകയുണ്ടായി. iPALESTINA EXIST! എന്ന പേരിൽ പിന്നീടത് പുസ്തകമായി പുറത്തിറങ്ങി. ഇസ്രയേലിന്റെ സകല സൈനിക അഭ്യാസങ്ങളുടെയും ലക്ഷ്യം ഫലസ്ത്വീൻ എന്ന രാഷ്ട്രസങ്കൽപത്തെ തൂത്തുമാറ്റലാണെന്ന് ഇതിൽ വ്യക്തമാക്കുന്നു. തോന്നിയ പോലെ കടന്നാക്രമണവും നരവേട്ടയും നടത്തുന്ന ഇസ്രയേലിനെ നിയന്ത്രിക്കണമെന്നും അന്താരാഷ്ട്ര നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെടുന്ന കൂട്ടായ്മയിലും (Bertrand Russel Tribunal on Palastine) അദ്ദേഹം അംഗമായിരുന്നു.

യാസിർ അറഫാത്തിന്റെയും മഹ്മൂദ് ദർവേശിന്റെയും അടുത്ത സുഹൃത്തുക്കളിലൊരാളായ സരമാഗോ, കഴിഞ്ഞ വർഷം മഹ്മൂദ് ദർവേശിന്റെ ഒന്നാം ചരമവാർഷികത്തിൽ ഇങ്ങനെ എഴുതി: “ആഗസ്റ്റ് ഒമ്പതിന് ഫലസ്ത്വീൻ മഹാകവി മഹ്മൂദ് ദർവേശ് മരിച്ചിട്ട് ഒരു വർഷം തികയുകയാണ്. ലോകം കുറെകൂടി ബുദ്ധിപരമായി ഉയർന്നിരുന്നെങ്കിൽ, മഹത്വത്തെ തിരിച്ചറിഞ്ഞിരുന്നെങ്കിൽ പാബ്ലോ നെരൂദയോടൊപ്പവുമായിരുന്നു ദർവേശിന്റെ സ്ഥാനം. ജീവിതത്തിൽ വേര് പിടിച്ചുകിടക്കുകയാണ് ദർവേശിന്റെ കവിതകൾ. ഫലസ്ത്വീൻ ജനതയുടെ ദുരിതങ്ങളിലും ആ ജനതയുടെ ഒടുങ്ങാത്ത പ്രതീക്ഷകളിലുമാണ് ആ കവിതകൾ നിൽക്കുന്നത്. ആ ജനതയുടെ നാൾവഴി പുസ്തകം പോലെ ഓരോ ദുരന്തവും ഓരോ കണ്ണുനീർ തുള്ളിയും ഇതിൽ രേഖപ്പെട്ടുകിടക്കുന്നു. ഇസ്രയേലിന്റെ പീഡനപർവങ്ങളും അപമാനപ്പെടുത്തലുകളും താണ്ടി ഒരു ഫലസ്ത്വീനി നടത്തുന്ന യാത്രയാണ് ആ കവിതകൾ.

ദർവേശിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് നിർമിക്കുന്ന ഡോക്യുമെന്ററിക്ക് വേണ്ടി ഞാൻ ദർവേശിന്റെ ഏതാനും കവിതകൾ പാരായണം ചെയ്തിരുന്നു. റാമല്ലയിൽ അത് പ്രദർശിപ്പിക്കാനിരിക്കുകയാണ്. ആ ചടങ്ങിൽ എനിക്ക് പങ്കെടുക്കണമെന്നുണ്ട്. ഇസ്രയേൽ പോലീസിന്റെ സ്വീകരണം എങ്ങനെയായിരിക്കുമെന്ന് അറിയുന്നതിനാൽ ആ യാത്ര നടക്കുമെന്ന് തോന്നുന്നില്ല. ആറു വർഷം മുമ്പ് ഞാനും ദർവേശും പങ്കുവെച്ച ഊഷ്മളമായ സ്നേഹസാഹോദര്യ ബന്ധങ്ങൾ ഞാൻ ഓർമിക്കുന്നു.”

ഈ ആർജവവും ധീരതയുമാണ് നമ്മുടെ പല എഴുത്തുകാർക്കും ഇല്ലാതെ പോയത്. ■

# ഒരു മുൻ പ്രധാനമന്ത്രിയുടെ വേഷപ്പകർച്ച

**മുൻ** ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ ഇപ്പോൾ ലിബിയൻ പ്രസിഡന്റ് കേണൽ ഗദ്ദാഫിയുടെ ‘പ്രത്യേക ഉപദേഷ്ടാവ്’ ആണെന്ന കേണൽ പുത്രൻ സൈഫുൽ ഇസ്‌ലാം ഗദ്ദാഫിയുടെ വെളിപ്പെടുത്തൽ (ബ്രിട്ടീഷ് പത്രമായ *ഡെയ്‌ലി മെയ്‌ലി*ന് അനുവദിച്ച അഭിമുഖം) വൻ വിവാദങ്ങൾക്ക് വഴിമരുന്നിട്ടിരിക്കുകയാണ്. എല്ലാവരെയും അമ്പരപ്പിക്കുന്ന ഇതുപോലുള്ള കുസൃതികൾ കേണൽ ഗദ്ദാഫി ഇടക്കിടെ ഒപ്പിക്കാറുള്ളതാണ്. മുൻകാലത്തെ മുഖ്യ ശത്രുവിനെ പിൽക്കാലത്ത് മുഖ്യ ഉപദേഷ്ടാവാക്കുന്നത് അതിലൊന്നായി കരുതിയാൽ മതിയായിരുന്നു.



ഗദ്ദാഫി ടോണി ബ്ലെയറിനോടൊപ്പം

പക്ഷേ, ഇവിടെ ഗദ്ദാഫിയല്ല വിഷയം, ബ്ലെയർ തന്നെയാണ്. രണ്ടു തവണ തുടർച്ചയായി ബ്രിട്ടീഷ് പ്രധാനമന്ത്രി പദം അലങ്കരിച്ച ഈ മനുഷ്യൻ ആ സ്ഥാനത്ത് തുടരുമ്പോഴും അതിനു ശേഷവും പണമുണ്ടാക്കാൻ എന്ത് നെറികേടിനും തയാറായിരുന്നുവെന്നാണ് ഇതുപോലുള്ള സംഭവങ്ങൾ വെളിപ്പെടുന്നത്. ഇറാഖ് അധിനിവേശത്തെ ന്യായീകരിക്കാൻ മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് മാത്രമല്ല, ബ്ലെയറും ഒട്ടനവധി കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കിയിരുന്നു. ബ്രിട്ടീഷ് രഹസ്യാന്വേഷണ റിപ്പോർട്ടിൽ പോലും ബ്ലെയർ ഇതിനു വേണ്ടി

കൃത്രിമം കാണിച്ചു. ഇതിനൊരു കാരണം എണ്ണക്കമ്പനികളുമായി ബ്ലെയറിനുണ്ടായിരുന്ന അവിശുദ്ധ ബിസിനസ് ബാന്ധവങ്ങളായിരുന്നു. പ്രധാനമന്ത്രിയായിരിക്കെ തന്നെ മീഡിയാ രാക്ഷസൻ റോബർട്ട് മർഡോക്, ഇറ്റാലിയൻ മീഡിയാ രാജാവും പ്രധാനമന്ത്രിയുമായ ബെർലസ് കോണി, കോടീശ്വരൻ മൈക്കൽ ലെവി എന്നിവരിൽനിന്ന് കണ്ടമാനം തെരഞ്ഞെടുപ്പ് ഫണ്ട് പറ്റിയിരുന്നു ബ്ലെയർ. ഇറാഖ് അധിനിവേശത്തിന് മുഖ്യകാരണക്കാരിലൊരാളായ ബ്ലെയറെ യുദ്ധക്കുറ്റകൃത്യങ്ങൾക്ക് വിചാരണ ചെയ്യണമെന്ന് ആവശ്യപ്പെട്ട് യൂറോപ്പിലെ പ്രമുഖ ബുദ്ധിജീവികൾ ഒരു കാമ്പയിൻ തന്നെ സംഘടിപ്പിക്കുകയുണ്ടായി.

തനിനിറം പുറത്തായതോടെ ബ്ലെയർക്ക് യൂറോപ്പിൽ നിൽക്കക്കള്ളിയില്ലാതെയായി. യൂറോപ്യൻ യൂനിയൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചെങ്കിലും ദയനീയമായി തോറ്റു. ബ്രിട്ടനെ പൊതു കറൻസിയായ യൂറോയിൽ ചേരാനാനുവദിക്കാതെ, യൂറോപ്യൻ യൂനിയനെ തളർത്തുന്ന നിലപാടെടുത്തു എന്നതായിരുന്നു ബ്ലെയറിനെതിരെയുള്ള ആരോപണം. പിന്നീട് 'നാൽവർ സംഘ'(യു.എൻ, യൂറോപ്യൻ യൂനിയൻ, അമേരിക്ക, റഷ്യ)ത്തിന്റെ മധ്യ പൗരസ്ത്യ 'സമാധാന ദൂതനാ'യാണ് ഇയാളുടെ അവതാരം.

നാൽവർ സംഘത്തിന്റെ പണം പറ്റുന്നുണ്ടെന്നല്ലാതെ, എന്തെങ്കിലും സമാധാന ദൗത്യം ബ്ലെയർ മധ്യപൗരസ്ത്യ ദേശത്ത് നിർവഹിച്ചതായി അറിയില്ല. അതിനിടയിലാണ് ലിബിയൻ ഗവൺമെന്റിന് കീഴിലുള്ള ലിബിയൻ ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ ഉപദേശകനായ വിവരം പുറത്ത് വരുന്നത്. എണ്ണക്കമ്പനികളെ ലിബിയയിലേക്ക് കൊണ്ടുവരിക, കച്ചവടക്കരാറുകളുണ്ടാക്കാൻ തന്റെ പ്രശസ്തിയും സ്ഥാനമാനങ്ങളും ഉപയോഗിക്കുക, ഓരോ കരാറിനും കനത്ത കമ്മീഷൻ പറ്റുക– ഇതാണ് ബ്ലെയറിന്റെ ഇപ്പോഴത്തെ 'സമാധാന ദൗത്യം'. ലോക്കർബി വിമാന ദുരന്തത്തിന് ഇരയായവരുടെ ബന്ധുക്കളും ബ്ലെയറിനെതിരെ തിരിഞ്ഞിട്ടുണ്ട്. വിമാനം തകർത്തുവെന്ന് ആരോപിക്കപ്പെടുന്ന ലിബിയക്കാരനെ ബ്ലെയർ ഭരണകൂടം വിട്ടുകൊടുത്തത് ഇത്തരം ബിസിനസ് താൽപര്യങ്ങൾ സംരക്ഷിക്കാനായിരുന്നുവെന്നാണ് ആരോപണം. ■